എ4. 606/15

ബി.പി.സി.എൽ. കൊച്ചി റിഫൈനറി പെട്രോ കെമിക്കൽ പ്രോജക്ടിനായിട്ടുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി സാമൂഹിക പ്രത്യാഘാതപഠന യൂണിറ്റായ കോതമംഗലം യൂത്ത് സോഷ്യൽ ഓർഗനൈസേഷൻ സമർപ്പിച്ച റിപ്പോർട്ടിൻറ അടിസ്ഥാനത്തിൽ വിദഗ്ധ സമിതി ചെയർപേഴ്സൻറ നേതൃത്വത്തിൽ തയ്യാറാക്കിയ അവലോകന റിപ്പോർട്ട്.

പെട്രോകെമിക്കൽ പദ്ധതിയ്ക്കായി ബി.പി.സി.എൽ. കൊച്ചി റിഫൈനറി 2013ലെ എൽ.എ.ആർ.ആർ.ആക്ട് പ്രകാരം കുന്നത്തുനാട് താലൂക്ക് തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് 40-ൽ റീസർവെനംപർ 5/3-ൽ പെട്ട 12.00 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം നൽകിയിട്ടുള്ളതിൻറ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാ കളക്ടറുടെ 22-1-2018ലെ സി4-39326/2016 നംപർ ഉത്തരവ് പ്രകാരം സ്പെഷ്യൽ തഹസിൽദാർ(എൽ.എ.)കെ.ആർ.എൽ, തൃപ്പൂണിത്തുറയെ ലാൻഡ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുള്ളതാണ്.

എൽ.എ.ആർ.ആർ.ആക്ട് 2013 പ്രകാരം സാമൂഹ്യപ്രത്യാഘാത പഠനം നടത്തുന്നതിനായി കോതമംഗലം യൂത്ത് സോഷ്യൽ സർവ്വീസ് ഓർഗനൈസേഷനെ തിരഞ്ഞെടുത്തിട്ടുള്ളതും എൽ.എ.ആർ.ആർ. ആക്ട് 2013 ഫോറം 4 പ്രകാരമുള്ള നോട്ടീഫിക്കേഷൻ ജില്ലാകളക്ടർ അംഗീകരിച്ചിട്ടുള്ളതും രണ്ടുമാസത്തിനുള്ളിലും ആറ് മാസത്തിൽ കവിയാതെയും സാമൂഹ്യപ്രത്യാഘാതപഠനം നടത്തി റിപ്പോർട്ട്

സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നതുമാണ്. അപ്രകാരം സാമൂഹ്യ പ്രത്യാഘാത പഠനത്തിൻറ അന്തിമ റിപ്പോർട്ട് 20.9.2018 നു സാമൂഹ്യപ്രത്യാഘാതപഠനയൂണിറ്റ് സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത റിപ്പോർട്ട് വിലയിരുത്തിയതുപ്രകാരം 2013-ൽ എൽ.എ. ആക്ട് 1894 പ്രകാരം ആരംഭിച്ച സ്ഥലം ഏറ്റെടുപ്പ് നടപടികൾ, കക്ഷികൾക്ക് ടി സ്ഥലത്തിൻറ ഉടമസ്ഥാവകാശരേഖകൾ ഹാജരാക്കാൻ കഴിയാത്തതിനെ തുടർന്ന് നീണ്ടുപോയിട്ടുള്ളതാണെന്നും ടി ഭൂമിക്ക് ചുറ്റുമുള്ള പ്രദേശങ്ങൾ ഏറ്റെടുത്ത് വൻതോതിലുള്ള നിർമ്മാണപ്രവത്തനങ്ങൾ നടന്നുവരുന്നതാണെന്നും ഇതിനിടയിൽ എൽ.എ.ആർ.ആർ.ആക്ട് 2013- നിലവിൽ വന്ന സാഹചര്യത്തിൽ ടി ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടി വന്നതിനാൽ ടി ആക്ട് പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കാവുന്നതാണെന്നും, 2013-ൽ തന്നെ പദ്ധതി പ്രവർത്തനത്തിനായി ചുറ്റുമുള്ള ഭൂമി ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ളതിനാൽ പകരം പദ്ധതിപ്രദേശം പരിഗണിക്കുന്നതിന് പ്രസക്തി ഇല്ലാത്തതിനാലും ടി പദ്ധതി മൂലം കക്ഷികൾക്ക് ഭൂമിമാത്രമാണ് നഷ്ടപ്പെടുന്നതെന്ന് കാണുന്നതും അവരുടെ ഉപജീവനമാർഗ്ഗത്തെയോ വാസസ്ഥലത്തെയോ ബാധിയ്ക്കാത്തതിനാലും ഭൂമി കൃഷി ഇല്ലാതെ തരിശായിക്കിടക്കുന്ന ചതുപ്പുനിലമായതിനാലും, മരങ്ങൾ. കെട്ടിടങ്ങൾ, മതിൽ, കിണർ,വഴി മുതലായവഒന്നുംതന്നെ നഷ്ടമാകുന്നില്ലാത്തതിനാലും 'കേന്ദ്രപൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ. കൊച്ചി റിഫൈനറി, പെട്രോകെമിക്കൽ പദ്ധതി

നടപ്പിലാക്കുംപോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായുണ്ടാകാവുന്ന സാമൂഹ്യപ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നും വിദഗ്ദ്ധ സമിതി അഭിപ്രായപ്പെട്ടു. ഈ പദ്ധതിയുടെ നേട്ടങ്ങൾ കോട്ടങ്ങളെക്കാൾ വലുതാണെന്നുള്ള നിഗമനത്തിൻറ അടിസ്ഥാനത്തിൽ ഈ പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾക്ക് ആവശ്യമായഅംഗീകാരം നൽകാവുന്നതാണ്.

ഇത് സംബന്ധിച്ച് 12.10.2018 തീയതി വൈകിട്ട് 4.30 മണിയ്ക്ക് വിദഗ്ദ്ധസമിതി ചെയർപേഴ്സൻറ് അദ്ധ്യക്ഷതയിൽ കളക്ടേറ്റിൽ വച്ച് നടത്തിയ വിദഗ്ദ്ധ സമിതി യോഗത്തിൽ മേൽപറഞ്ഞ വസ്തുതകൾ വിശദമായി ചർച്ച ചെയ്തിട്ടുള്ളതും പ്രസ്തുത പ്രോജക്ട് അംഗീകരിക്കുന്നതിന് അംഗങ്ങൾ ഐകകണ്ഠ്യേന യോഗത്തിൽ തീരുമാനിക്കുകയും ഈ തീരുമാനം കമ്മിറ്റിയിൽ പങ്കെടുത്ത എല്ലാവരും അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

മേൽ പറഞ്ഞ വസ്തുതകളുടെ അടിസ്ഥാനത്തിൽ ടി നടപടികൾക്ക് അംഗീകാരം ലഭിക്കുന്നതിനായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ മുൻപാകെ ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

തൃപ്പൂണിത്തുറ
തീയതി: 15.10.2018.

വിദ്ഗ്ധസമിതിചെയർപേഴ്സൺ &
സ്പെഷ്യൽ തഹസിൽദാർ(എൽ.എ.)കെ.ആർ.എൽ